**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 248

15.02.2013 ൽ
മറുപടിയ്ക്ക്

**സൈലോകൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വർക്കല കഹാർ ;<br>ശ്രീ. റ്റി.എൻ. പ്രതാപൻ ;<br>ശ്രീ. ഷാഫി പറമ്പിൽ ; | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സൈലോകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | | എ) യും ബി) യും<br>സംസ്ഥാനത്ത് എറണാകുളം,കോഴിക്കോട് എന്നീ ജില്ലകളിൽ 25000 മെ.ടൺ വീതം സംഭരണശേഷിയുള്ള ഓരോ സൈലോകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യധാന്യ ശേഖരം വർദ്ധിപ്പിക്കുന്നതിനാണ് സൈലോകൾ നിർമ്മിക്കുന്നത്. |
| ബി) ഭക്ഷ്യധാന്യശേഖരം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | | |
| സി) പ്രസ്തുത പദ്ധതി സ്ഥാപിക്കാനുള്ള സ്ഥലം എങ്ങനെയാണ് കണ്ടെത്തുന്നത് ;വിശദമാക്കുമോ ; | സി) | ജില്ലാ ഭരണകൂടമാണ് സൈലോകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത്. ആവശ്യമായ റെയിൽവേ സൈഡിംഗും ഗതാഗത സൗകര്യങ്ങളും ഉള്ള 5 ഏക്കർ സ്ഥലമാണ് ഓരോ സൈലോയും നിർമ്മിക്കുവാൻ ആവശ്യമുള്ളത്. |
| ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്കായി ലഭിക്കുന്നത് ? | ഡി) | കേന്ദ്ര സർക്കാർ സ്ഥാപനമായ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ് പ്രസ്തുത പദ്ധതി കേരളത്തിനായി അംഗീകരിച്ചു തന്നിരിക്കുന്നത്. കേന്ദ്ര സർക്കാർ VGF (Viability Gap Funding) പദ്ധതി മുഖാന്തിരം ഇതിന് ധനസഹായം ലഭ്യമാക്കുന്നതാണ്. പൊതു സ്വകാര്യ പങ്കാളിത്ത (PPP) പദ്ധതിയിലൂടെ നിബന്ധനകൾക്ക് വിധേയമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |

Beena

സെക്ഷൻ ഓഫീസർ